# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

28-10-2019 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **401**

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

ചോദ്യം

ശ്രീ.എസ്.ശർമ്മ :
ശ്രീ.സി.കെ.ഹരീന്ദ്രൻ :
ശ്രീ.ഐ.ബി.സതീഷ് :
ശ്രീ.എൻ.വിജയൻ പിള്ള :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) നിർമ്മാണ പുരോഗതി യഥാസമയം വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) പദ്ധതിയ്ക്കാവശ്യമായ കരിങ്കല്ലിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ?

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ സെക്രട്ടറിമാർ ഉൾപ്പെടുന്ന പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും (PIC) എംപവേഡ് കമ്മിറ്റിയും (EC) വിലയിരുത്തി യഥാസമയം ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇതു കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തുറമുഖ വകുപ്പ് മന്ത്രിയും പദ്ധതിയുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. നിർമ്മാണ പുരോഗതി യഥാസമയം വിലയിരുത്തുന്നതിന് ഒരു ഇൻഡിപെൻഡന്റ് എഞ്ചിനീയറെ നിയമിക്കുന്നതിന് കൺസഷൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപ്രകാരം നിയമിച്ചിട്ടുള്ള ഇൻഡിപെൻഡന്റ് എഞ്ചിനീയർ അദാനി കമ്പനി നൽകുന്ന പ്രതിമാസ പുരോഗതി റിപ്പോർട്ടും നിർമ്മാണ സ്ഥലവും പരിശോധിച്ച് വിലയിരുത്തലുകൾ നടത്തി കരാർ പ്രകാരം പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ കൺസഷനയർക്കും, വിഴിഞ്ഞം തുറമുഖ കമ്പനിക്കും നൽകിവരുന്നു. ഇൻഡിപെൻഡന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ കൺസഷനയറും, വിഴിഞ്ഞം തുറമുഖ കമ്പനിയും പങ്കെടുക്കുന്ന അവലോകന യോഗങ്ങൾ രണ്ടാഴ്ച കൂടുമ്പോൾ ചേരുന്നുണ്ട്.

കരാർ പ്രകാരം നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് നിർമ്മാണ കമ്പനി യുടെ ചുമതലയാണ്. ആവശ്യമായ അനുമതികൾ നൽകുന്നത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. പാറ ലഭിക്കുന്നതിനുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വകുപ്പ് സെക്രട്ടറി, ചീഫ് സെക്രട്ടറി, മന്ത്രി തലങ്ങളിൽ റിവ്യൂ മീറ്റിംഗുകൾ നടത്തിവരുന്നുണ്ട്

സെക്ഷൻ ഓഫീസർ